# സംഗീതത്തിന്റെ അഭൗമമായ ശക്തി

സംഗീതം എന്നത് അതിന്റെ മാധുര്യത്താൽ ശ്രവിക്കുന്നവരുടെ മനസ്സിനെ ആനന്ദപാരവശ്യത്തിൽ ലയിപ്പിക്കുന്ന നാദവിശേഷവും മനുഷ്യന്റെ വികാരങ്ങളെ പ്രകടിപ്പിക്കുന്ന ഒരു ഉയർന്ന ഭാഷയുമാകുന്നു. ലളിതകലകളിൽ സംഗീതം ഉയന്നസ്ഥാനം വഹിക്കുന്നു. മനുഷ്യമനസ്സിന്റെ അഗാധതയിലുള്ള പല വികാരങ്ങളേയും സംഗീതഭാഷയിൽ കൂടി നിഷ്പ്രയാസം മററുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കും. കൊത്തുപണി, ചിത്രരചന തുടങ്ങിയ ലളിതകലകൾക്ക് പ്രകൃതിയിൽനിന്നും മാത്രമേ പല തരത്തിലുള്ള ഭാവനകൾ ലഭ്യമാകുന്നുള്ളു. എന്നാൽ സംഗീതമെന്നത് മനുഷ്യന്റെ അറിവുകൊണ്ട്മാത്രം വളർച്ച പ്രാപിക്കുന്ന കലയാണ് എന്നു് തറപ്പിച്ചു പറയാം. സംഗീതം അഭ്യസ്തവിദ്യരേയും, വിദ്യാരഹിതരേയും, ആബാലവൃദ്ധം ജനങ്ങളേയും മൃഗങ്ങളേയും ഒരുപോലെ സ്വാധീനിക്കാൻ കഴിവുള്ളതാണ്. ദൈവീകമായ ശക്തിയാർജ്ജിച്ചതാണ് പ്രസ്തുതകല. ശുദ്ധമായ സംഗീതം ശ്രവിക്കുന്നതു മൂലം മനുഷ്യഹൃദയം പരിശുദ്ധി പ്രാപിക്കുന്നു. അത് കൂടാതെ മികച്ചമനുഷ്യത്വവും, ഉയന്ന ചിന്താഗതിയും പ്രദാനം ചെയ്യുന്നു. മനുഷ്യമനസ്സിലുണ്ടാകുന്ന പല വിധത്തിലുള്ള സംഘർഷങ്ങളേയും വിചാരങ്ങളേയും അകററി പരിപൂർണ്ണമായ ശാന്തി നൽകുന്നതിനുള്ള ശക്തി ഈകലയ്ക്കു് മാത്രമേയുള്ളഎന്നു് പല മുതിർന്നവരുംഉദാഹരണസഹിതം തെളിയിച്ചിട്ടുണ്ട്. ശുദ്ധമായസംഗീതം ശ്രവിക്കുന്നതുകൊണ്ട് നമ്മുടെ ഓരോ ഞരമ്പുകൾക്കും ഓജസ്സ് ലഭിക്കുന്നു. നാടു ഭരിക്കുന്ന രാജാക്കൻമാർക്കും, ഉയർന്ന ഉദ്യോഗത്തിലിരിക്കുന്നവർക്കും, ജഡ്ജിമാർക്കും, ഫാക്ടറി ഉടമകൾക്കും പല വിധത്തിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നിർബന്ധിതരാകയാൽ സംഗീതത്തിൽ ജ്ഞാനമുണ്ടായിരിക്കേണ്ടത് വളരെ പ്രധാനപ്പെട്ട ഒരു അംശമാകും. അഗാധമായ സംഗീതജ്ഞാനത്തിൽകൂടിമാത്രമേ വിശദമായി ചിന്തിച്ച് ശരിയായ ഉചിതമായ തീരുമാനമെടുക്കാൻ സാധിക്കൂ.

''ഏതു കല അഭ്യസിക്കാത്തവർക്കും മോചനം കിട്ടും. എന്നാൽ സംഗീതമഭ്യസിക്കാത്തവർക്ക് മോചനമില്ല'' എന്നാണ് മുതിർന്നവരുടെ ചൊല്ല്. ശ്രീരാമന് പട്ടാഭിഷേകം ചെയ്യണം എന്നു് നിശ്ചയിച്ചപ്പോൾ സംഗീതത്തിൽ അഭൗമമായ ജ്ഞാനമുള്ള രാമൻ രാജ്യാവകാശത്തിനു് അർഹനാണ് എന്നു് വാല്മീകിമഹർഷി രാമായണകാവ്യത്തിൽ സൂചിപ്പിച്ചിട്ടുള്ളതിൽ നിന്നുതന്നെ ഒരു രാജ്യത്തിന്റെ വളർച്ചയ്ക്കും യോജിപ്പിനും സംഗീതം അനിവാര്യഘടകമാണെന്നു് വിശദമാകുന്നു. സംഗീതമെന്ന കെടാവിളക്ക് എല്ലാ കാലഘട്ടങ്ങളിലും മങ്ങാതെ വെളിച്ചംപരത്തിക്കൊണ്ടിരിക്കുന്നു. ജാതിമതഭേദമന്യേ ഒരുപോലെ ഈ കല അഭ്യസിച്ചാൽ കുററകൃത്യങ്ങളുടെ എണ്ണം കുറയുന്നതായും ലോകമെമ്പാടും മാനവരാശി സംതൃപ്തിയോടെ, ശാന്തിയോടെ ജീവിക്കുന്ന സ്ഥലമായി പരിണമിക്കുന്നതു കാണാം. ഒരു രാജ്യത്തിന്റെ പുഷ്ടിയായ മൂലധനങ്ങളിൽ സംഗീതം സുപ്രധാന പങ്കുവഹിക്കുന്നു.

**എസ്. രുഗ്മിണി ഗോപാലകൃഷ്ണൻ**
പ്രൊഫസ്സർ (വീണ)
ശ്രീ സ്വാതിതിരുനാൾ സംഗീതകോളേജ്
തിരുവനന്തപുരം.

യാജ്ഞവൽക്യർ, കൺഫ്യൂഷ്യസ്, പ്ലേറേറാ തുടങ്ങിയ മഹാന്മാർ സംഗീതത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്. സംഗീതത്തിന്റെ മഹാത്മ്യത്തെക്കുറിച്ച് മറെറാരു മഹാന്റെ വാക്കുകൾ ഇപ്രകാരമാകുന്നു. ''വേദവാക്യങ്ങളാൽ മെനഞ്ഞെടുത്ത സംഗീതകലയെ പണ്ഡിതൻമാർ എല്ലായ്പ്പോഴും അഭ്യാസം ചെയ്ത് ഇഹലോകത്തിൽ ഫലപ്രാപ്തിയും യാഗകാലങ്ങളിൽ സാമഗാനം ചെയ്ത് പരലോകത്തിൽ മോക്ഷവും പ്രാപിക്കുന്നു.''